# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2950 11.12.2014 -ലെ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി തുടങ്ങിയ വിഷയങ്ങൾ അനുവദിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എത്ര ഹയർ സെക്കൻഡറി സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി തുടങ്ങിയ വിഷയങ്ങൾ പഠന വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും; അവ ഏതൊക്കെ എന്നും വ്യക്തമാക്കാമോ; | (എ) ആന്ത്രോപ്പോളജി -12 സ്കൂളുകളിൽ<br>ജിയോളജി - 46 സ്കൂളുകളിൽ<br>ജ്യോഗ്രഫി -288 സ്കൂളുകളിൽ<br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്തെ എയ്ഡഡ്/ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഹയർസെക്കൻഡറി കോഴ്സുകളുടെ കോമ്പിനേഷൻ നിശ്ചയിക്കുന്നതിനും, അനുവദിക്കുന്നതിനും ചുമതല വഹിക്കുന്നത് ആരാണ്;<br><br>(സി) വിദ്യാർത്ഥികൾ പഠിക്കേണ്ടതും, എന്നാൽ വളരെ അപൂർവ്വമായി മാത്രം അനുവദിക്കാറുമുള്ളതുമായ ആന്ത്രോപോളജി, ജിയോളജി, ജ്യോഗ്രഫി വിഷയങ്ങൾ ഉൾക്കൊള്ളുന്ന കൂടുതൽ കോമ്പിനേഷനുകൾ കൂടുതൽ സ്കൂളുകളിൽ (സർക്കാർ സ്കൂളുകളിലെങ്കിലും) അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു;+2 വിന് അഡീഷണൽ ബാച്ച് അനുവദിക്കുമ്പോൾ ഈ വിഷയങ്ങൾക്ക് കൂടുതൽ കോഴ്സുകൾ അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ? | (ബി) & (സി) ഹയർ സെക്കന്ററി സ്കൂളുകൾ/ അധിക ബാച്ചുകൾ അനുവദിക്കാനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന പ്രകാരം സ്കൂൾ അധികാരികൾ (സർക്കാർ സ്കൂൾ-ഹെഡ്മാസ്റ്റർ, എയ്ഡഡ് സ്കൂൾ-മാനേജർ) പ്രാദേശിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ അപേക്ഷയിൽ രേഖപ്പെടുത്തി നൽകുന്ന വിഷയ കോമ്പിനേഷനുകളാണ് സർക്കാർ അനുവദിക്കുന്നത്.<br>സ്കൂൾ അധികാരികളുടെ അപേക്ഷ പ്രകാരമല്ലാത്ത ബാച്ചുകൾ അനുവദിക്കുന്ന പക്ഷം പ്രാദേശികമായി പ്രസ്തുത ബാച്ചുകളിലേക്ക് മതിയായ വിദ്യാർത്ഥികളെ ലഭ്യമാകാതിരിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ, നിർബന്ധപൂർവ്വം ആവശ്യപ്പെടാത്ത, ബാച്ചുകൾ സ്കൂളുകൾക്ക് അനുവദിച്ചു നൽകാറില്ല. ഭാവിയിൽ പുതിയ സ്കൂളുകൾ/അധിക ബാച്ചുകൾ |

അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ച് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് സ്കൂൾ അധികാരികൾ അപേക്ഷിക്കുന്ന പക്ഷം ഹയർ സെക്കന്ററി സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി വിഷയങ്ങൾ ഉൾക്കൊള്ളുന്ന ബാച്ചുകൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്